**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1697** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൃഷിവ്യാപനത്തിന് സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിവ്യാപനത്തിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; | (എ) | കാർഷിക വിളകളുടെ ഉല്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, വിളകളെ സംരക്ഷിക്കുന്നതിനും, കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിലയും വിപണിയും ഉറപ്പുവരുത്തി കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിനും സർക്കാർ ശ്രദ്ധ പതിപ്പിക്കുന്നു.<br><br>ജനങ്ങളിൽ കാർഷിക സംസ്കാരം ഉണർത്തുവാനും കൃഷി വിസ്തൃതി വർദ്ധിപ്പിക്കുവാനും യുവാക്കൾ, സ്ത്രീകൾ, ഇതര ജനവിഭാഗങ്ങൾ തുടങ്ങിയവരെ കൃഷിയിലേക്ക് ആകർഷിക്കുവാനും അവരുടെ കൂട്ടായ്മകൾ സൃഷ്ടിച്ച് ദ്വിതീയ കാർഷിക മേഖല ആധാരമാക്കി കൃഷി പ്രോത്സാഹിപ്പിക്കുവാനും ആരംഭിച്ച "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയും കൃഷി വകുപ്പിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പ്രാദേശികസാമ്പത്തിക വികസനം കാർഷിക മേഖലയിലെ ഇടപെടലുകളിലൂടെ സാധ്യമാക്കാൻ ആരംഭിച്ച "കൃഷി സമൃദ്ധി" പദ്ധതിയും കൃഷി വ്യാപനത്തിന് സഹായകരമായിട്ടുണ്ട്.<br><br>കർഷക വരുമാനം ഉറപ്പാക്കുവാൻ ആരംഭിച്ച വിളയിട അധിഷ്ഠിത കൃഷി രീതിയും കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച കർഷക ഉല്പാദന സംഘടനകളും മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഗുണ നിലവാരവും വിപണിയും ഉറപ്പാക്കുവാൻ തുടക്കമിട്ട "കേരളാ ആഗ്രോ ബിസിനസ്സ് കമ്പനി" (KABCO) യും ദ്വിതീയ കാർഷിക മേഖലക്ക് ശക്തി പകരുകയും മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുവാൻ സഹായകരമാകുകയും ചെയ്തു.<br><br>മൂല്യവർദ്ധിത ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്ത് "കേരളാ ആഗ്രോ" ബ്രാൻഡ് നല്കിയതും പോഷക സമൃദ്ധി മിഷൻ ജൈവകാർഷിക മിഷൻ തുടങ്ങിയവ വഴി |

| | | | |
|---|---|---|---|
| | | | ആരോഗ്യ കാര്യങ്ങളിൽ പൊതുജനങ്ങളെ ബോധവാൻമാരാക്കിയതും കാർഷിക മേഖലയ്ക്കും കൃഷി വ്യാപനത്തിനും പുതുജീവൻ നൽകിയിട്ടുണ്ട്.<br><br>പരമ്പരാഗത കൃഷികളായ നെല്ല്, നാളികേരം, പച്ചക്കറി, റബർ, സുഗന്ധവിളകൾ തുടങ്ങിയ കൃഷികളെ സാമ്പത്തിക പിന്തുണയും ഇൻഷ്വറൻസ് പരിരക്ഷയും സംഭരണ നടപടികൾ തുടങ്ങിയവയിലൂടെ സർക്കാർ പിന്തുണച്ചത് വിപണി ഉറപ്പാക്കുവാനും കർഷകരുടെ വരുമാന വർദ്ധനവിനും അതുവഴി കൃഷി വ്യാപനത്തിനും ഇടയാക്കിയിട്ടുണ്ട്.<br><br>തരിശ് രഹിത കേരളം എന്ന ലക്ഷ്യപ്രാപ്തിക്കായി ആരംഭിച്ച "നവോ-ഥാൻ" പദ്ധതിയും പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് എത്തുവാനുള്ള "സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞവും" കൃഷി വ്യാപനത്തിന് ഇടയാക്കിയിട്ടുണ്ട്.<br><br>കാർഷിക മേഖലയെ കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രതികൂലമായി ബാധിക്കുന്നത് തടഞ്ഞ് സുസ്ഥിര കാർഷിക മേഖല സൃഷ്ടിക്കാൻ ലോകബാങ്ക് ധനസഹായത്തോടെയുള്ള 'കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖല നവീകരണ പദ്ധതി' (കേര) ആരംഭിച്ചത് മേഖലക്ക് ഉത്തേജനം നൽകിയിട്ടുണ്ട്. ചെറുകിട കർഷകർ, കാർഷിക അധിഷ്ഠിത സൂക്ഷ്മ, ചെറുകിട, ഇടത്തരം ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയിലൂടെ കേരളത്തിലെ ഭക്ഷ്യ-കാർഷിക മേഖലയുടെ വാണിജ്യവൽക്കരണത്തിൽ ഇടപെടുവാനുംഅത് വഴി പ്രാദേശിക സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുവാനും പദ്ധതി വഴി സാദ്ധ്യമാകും. |
| (ബി) | കർഷക ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | കേരള കർഷക ക്ഷേമനിധി ബോർഡിൽ 2021 ഡിസംബർ 1 മുതൽ 23.09.2025 വരെ ആകെ 15324 കർഷകരാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (സി) | കർഷക തൊഴിലാളി ക്ഷേമനിധിക്കുള്ള അപേക്ഷകളിൽ എന്നുവരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കാനായെന്നും മറ്റുള്ളവ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ; | (സി) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അധിവർഷാനുകല്യം, വിവാഹധനസഹായം, പ്രസവ ധനസഹായം, ചികിത്സാധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നീ ക്ഷേമ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ബോർഡിന്റെ വരുമാന വർദ്ധനവ് സാധ്യമാകുന്ന മുറയ്ക്ക് മാത്രമേ എല്ലാ ക്ഷേമാനുകൂല്യങ്ങളും തടസ്സം കൂടാതെ |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. അപേക്ഷകൾ തീർപ്പാക്കിയത് സംബന്ധിച്ച വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (ഡി) | കേരള ബ്രാൻഡ് മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനത്തിനുള്ള കർമ്മപദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തെ കർഷകസംരംഭകർ, കൃഷിക്കൂട്ടങ്ങൾ, FPOകൾ, FPCകൾ, മറ്റ് കർഷകകൂട്ടായ്മകൾ, കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും, ടി ഉത്പന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക് കേരളത്തിലെ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനും. വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് കൃഷി വകുപ്പ് "കേരളഗ്രോ" എന്ന പേരിൽ ഒരു ട്രേഡ്മാർക് രജിസ്റ്റർ ചെയ്ത് ഉത്പന്നങ്ങൾക്ക് "Keralagro" എന്ന പേരിൽ ബ്രാൻഡ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.<br><br>ഈ പദ്ധതി പ്രകാരം, നിലവിൽ സംസ്ഥാനത്തൊട്ടാകെ 177 സംരംഭകരുടേതായി 942 ഉൽപ്പന്നങ്ങൾക്ക് "Keralagro" ബ്രാൻഡ് അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ (KAICO) 13 ഉല്പന്നങ്ങൾക്കും, കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട് ഡെവലപ്മെന്റ് കോർപറേഷന്റെ (Horticorp) 48 ഉല്പന്നങ്ങൾക്കും, ഓണാട്ടുകര വികസന ഏജൻസിയുടെ ഒരു ഉൽപ്പന്നത്തിനും, ഓയിൽ പാം ഇന്ത്യയുടെ 7 ഉല്പന്നങ്ങൾക്കും "Keralagro" ബ്രാൻഡ് നൽകിയിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, (15 എണ്ണം) ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ (14 എണ്ണം) മുഖേന നേരിട്ടും, താല്പര്യമുള്ള സംരംഭകർക്ക് ഓൺ ലൈൻ പ്ലാറ്റ്ഫോമിലൂടെയും വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>കേരളഗ്രോ ബ്രാൻഡിംഗിനായി 2023-24 സാമ്പത്തിക വർഷത്തിൽ 12.8414 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 14.1986 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കേരളഗ്രോ ബ്രാൻഡ് ഷോപ്പിന് 2023-24 സാമ്പത്തിക വർഷത്തിൽ 132.79895 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 17.20105 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2025-26 സാമ്പത്തിക വർഷത്തിൽ കേരളഗ്രോ ബ്രാൻഡിങ്ങിനും കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പിനുമായി 50 ലക്ഷം രൂപ വിപണി വികസന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| **ആനുകൂല്യം** | **അപേക്ഷകൾ തീർപ്പാക്കിയത്** |
|---|---|
| അധിവർഷാനുകല്യം | 2018 മാർച്ച് വരെ |
| വിവാഹധനസഹായം | 2025 ഓഗസ്റ്റ് വരെ |
| പ്രസവ ധനസഹായം | 2023 ജൂലൈ വരെ |
| ചികിത്സാധനസഹായം | 2025 ഓഗസ്റ്റ് വരെ |
| മരണാനന്തര സഹായം, | 2025 ഓഗസ്റ്റ് വരെ |
| വിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ ധനസഹായം | ഓരോ അധ്യായന വർഷത്തേയും അപേക്ഷകൾ അതാത് വർഷത്തിൽ തന്നെ വിതരണം ചെയ്തുവരുന്നു. |